# അമ്മിണിപ്പൂച്ച

"പോ പൂച്ചേ, മീൻ നന്നാക്കാനും സമ്മതിക്കൂലാച്ചാൽ..."

അവളങ്ങനെ പോകൂല. ഉമ്മ അങ്ങനെ പറഞ്ഞാലും അമ്മിണിക്ക് തരാതിരിക്കൂല.... ആദ്യം അമ്മിണി പുറത്ത് കറങ്ങിനടക്കും. വിറക് പുരയിൽ കിടക്കും. അങ്ങനെയായിരുന്നു ജീവിച്ച് പോന്നത്...

ഒരീസം മെല്ലെ വീട്ടിലേക്ക് കയറിനോക്കി "അമ്മിണി, നീ വല്ലതും കഴിച്ചോ ദാ ഇത് കഴിച്ചോളീൻ"

ഒരുപിടിച്ചോറും മീൻമുള്ളുമെല്ലാം കൂടി ഒരു പാത്രത്തിലതാ മുന്നിൽ.

ബാപ്പയുമൂണ് കഴിക്കണുണ്ട്. മൂപ്പരവകയും ഒരുരുള വന്നു...

"ആഹാ കൊള്ളാമല്ലോ."



പിന്നെ മെല്ലെ മെല്ലെ വീട്ടിൽ നല്ല സ്വതന്ത്രയായി.

ഒന്നും കട്ട് തിന്നാത്ത നല്ലവളെന്ന് അമ്മിണിക്ക് പേരും കിട്ടി.

അടുക്കളയിലൊരു നല്ല ഭാഗത്ത് തന്നെ കിടക്കാനും ഇടംകിട്ടി...

അമ്മിണി പൂച്ച ആ വലിയ വീട്ടിലെ ഓരോ മുറിയും

▸▸പൂർണമായും ജൈവകൃഷി രീതി അവലംഭിച്ച ആദ്യ സംസ്ഥാനം- സിക്കിം

നടന്നുകണ്ടു... ഇവിടുത്തെ മക്കളൊക്കെ എവിടെപോയാവോ. ഓരോ മുറിയിലും കല്ല്യാണഫോട്ടോകൾ കാണുന്നുണ്ട്.

മക്കളൊക്കെ വേറേതോ നാടുകളിലാണത്രെ... അമ്മിണിപൂച്ച ഇപ്പോൾ ആ വീട്ടിലെ പ്രധാനപ്പെട്ട ആളാ... ആര് വന്നാലും ഓടിവന്ന് നോക്കും...

വരുന്നവരോട് ഉമ്മയും ബാപ്പയും പുകഴ്ത്തണത് കേൾക്കുമ്പോൾ ലയിച്ചങ്ങിരിക്കും...

ബാപ്പ പുറത്ത് പോയാൽ അമ്മിണിയോടാണുമ്മ സംസാരിക്കാറ്....

“പെരുന്നാളടുത്തല്ലോ അമ്മിണി...

പണ്ടൊക്കെ എങ്ങനാർന്ന്ന് നിനക്കറിയോ

റേഷൻ കടേന്ന് പച്ചരിവാങ്ങി പൊടിപ്പിക്കും. എന്റെ നിസാർമോനാ അതൊക്കെ ചെയ്യുക. പിന്നെ പച്ചനേന്ത്രക്കായ വാങ്ങി തൊലിയൊക്കെ അടർത്തിക്കളയാൻ ഓനും കൂടും. പിന്നെ കായവറുക്കും. എന്റെ അമ്മിണീ അത് മാത്രമല്ല വെട്ടിപ്പൊരിയും ഉണ്ടാക്കും. അതിന് കുട്ട്യോൾക്ക് വല്ല്യ ഉഷാറാ. മൈദമാവില് വരഞ്ഞ് വെട്ടിയെടുക്കുമ്പോൾ ഒരോ രൂപങ്ങളുണ്ടാക്കാൻ മത്സരിക്കുമായിരുന്നു.

വെല്ല്യമക്കളൊക്കെ വരും. എന്തിനാന്നോ... തിന്നാൻ. കേട്ടോ അമ്മിണീ... പെരുന്നാളായാലന്നൊക്കെ ന്തൊരു സന്തോഷാർന്നു...



മിക്കവാറും ഇത്തവണ നോമ്പ് മുപ്പതും കിട്ടാനാണ് സാധ്യത. ഇത്തവണ എല്ലാവരും എത്തൂത്രെ അമ്മിണീ....

നിന്റെ കുട്ട്യോളൊക്കെ എവിടെ. നീ കുറെ പെറ്റതല്ലേ... ആ വെളുവെളുത്ത നീലക്കണ്ണുള്ള കുറുമ്പനെന്തിയേ...

ഉം... നിന്നോട് ചോദിച്ചിട്ടെന്താ കാര്യം. അവരൊക്കെ സ്വന്തം കാ

ര്യം നോക്കിപ്പോയിക്കാണൂല്ലേ... സാരമില്ലാട്ടോ...''

വണ്ടിവന്നു നിന്ന ശബ്ദം കേട്ടാണ് അമ്മിണി ഓടിവന്ന് നോക്കിയത്. ഉമ്മാടെ മൂത്തമോനും കുടുംബവുമാ... വലിയ ഓഫീസർമാരാ. മോനും മരോളും.

ആഹാ... ഒരു നീലക്കണ്ണുള്ള പെൺകുട്ടിയുണ്ടല്ലോ.

ഹായ് തുള്ളിച്ചാടി അവൾ ഉമ്മാടരികിലേക്കോടി വന്നൂലോ....

കൂട്ടത്തിൽ എന്നെയും കണ്ടു..

വെല്ലിമ്മാക്ക് സലാം പറഞ്ഞ ശേഷം അവൾ ചോദിച്ചു, ഇതാണോ അമ്മിണിപ്പൂച്ച...

മറുപടിക്ക് കാക്കാതെ എനിക്കൊരു ഹായ് പറഞ്ഞു. അവളുടെ ഉമ്മക്കും ബാപ്പക്കും അതൊന്നും ഇഷ്ടായില്ല...

എന്നോട് ചങ്ങാത്തം കൂടുമെന്ന് കരുതിയാകും അവരവളെ കണ്ണുരുട്ടി വിലക്കി..

വലിയ വലിയ കാറുകൾ പിന്നേയും വന്നു .. മക്കളും മരുമക്കളുമെല്ലാം എത്തിച്ചേർന്നു .

വലിയ വലിയ വർത്തമാനങ്ങൾ കൊണ്ട് വീടാകെ ശബ്ദമുഖരിതമായി... വിലകൂടിയ വണ്ടി വാങ്ങിയതിൻെറ മേന്മകളൊരാൾ വിളമ്പി... മറ്റൊരാളാവട്ടെ, അവരുടെ റെസിഡൻസ് അസോസിയേഷൻെറ പ്രസിഡണ്ടായതും മറ്റും പറഞ്ഞുകൊണ്ടിരുന്നു. അകത്ത് പെണ്ണുങ്ങളും പരസ്പരം പൊങ്ങച്ചം കാട്ടാൻ മത്സരിച്ചുകൊണ്ടിരുന്നു.... ഇതിനിടയിലാണ് ഞാനുമ്മാടരികിലേക്ക് ചെന്നത്.

''മക്കളെ ഇതാണുമ്മാടെ അമ്മിണി''





എല്ലാവർക്കും എന്നോട് പുച്ഛമായിരുന്നു. കുട്ടികൾക്ക് വലിയ കാര്യമായിരുന്നെങ്കിലും മുതിർന്നവർ ഉമ്മാനെ നോക്കി കളിയാക്കി.

"ഈ ലോക്കൽ പൂച്ചയെ വീട്ടിൽ കയറ്റാനുമ്മാക്കെന്താ വല്ല വട്ടുമുണ്ടോ"

പരിഷ്ക്കാരികളെല്ലാരും കൂടി ഒന്നിച്ച് ചിരിച്ചതും ഒപ്പമായിരുന്നു.

നോക്കൂ ഞാനങ്ങ് നാണംകെട്ടു പോയിട്ടോ..

ഉടനെ ഉമ്മ പറഞ്ഞു "മക്കളേ... ഞാനും ഒരു പഴയ ലോക്കൽ ഉമ്മയാ... ലോക്കലിന് ലോക്കൽ കൂട്ടുമതീന്ന് കൂട്ടിക്കോളീൻ. അതോടെ സ്വിച്ചിട്ടപോലെ ചിരി നിന്നു..."

എങ്കിലും അവർ പറഞ്ഞു.

"ഈ പൂച്ചേനെ അടുക്കളേന്നെറെക്കി വിട്ടിട്ടേ കാര്യമുള്ളൂ. ഒരു അമ്മിണി പൂച്ച വന്നേക്കണു"

"വേണ്ട മക്കളെ അതൊരുപാവമാ... ആർക്കും ഒരു ശല്യമാകൂല അതവിടെ കിടന്നോളും അടുക്കളേലാച്ചാൽ എലീം വരൂല...."

ആര് കേൾക്കാൻ

ഇശാ നമസ്ക്കാരശേഷം പള്ളിയിൽ തക്ബീർ കേൾക്കവെ പെട്ടെന്നാണ് അടുക്കളവാതിലിനരികെ ഇരുന്ന അമ്മിണി പൂച്ചക്ക് മുതുകിനൊരു അടികിട്ടിയത്. ഒപ്പം പെണ്ണുങ്ങളുടെ പൊട്ടിച്ചിരിയും അട്ടഹാസവും കേട്ടു...

മേലിലിവിടെങ്ങാനും കണ്ടാലെന്നൊരാജ്ഞയും.... കൂടെ "ഉമ്മാക്ക് ഞങ്ങൾ നല്ലൊരു ഇറാനിയൻ പൂച്ചയെ വരുത്തിക്കൊടുത്തോളാം. എവിടെക്കെങ്കിലും പൊയ്ക്കോ അതാ നിനക്ക് നല്ലത്"

കൂരാകൂരിരുട്ടാണെങ്കിലും അമ്മി



ണിപ്പൂച്ചക്ക് ഇരുട്ട് വലിയ പ്രശ്നമല്ല. വേച്ച് വേച്ച് നടന്ന് വിറക് പുരയുടെ ഒരു മൂലയിലൊരിടം കണ്ടെത്തി. വിശന്നിട്ടാണെങ്കിൽ വയ്യ. പെരുന്നാളാണത്രെ. ആരുടെ പെരുന്നാൾ.

അമ്മിണീനെ പട്ടിണിക്കിട്ടാണോ നാളെയവർ പെരുന്നാൾ ആഘോഷിക്കുന്നത് ..

ആലോചിച്ച് അമ്മിണി പൂച്ച മയങ്ങിപ്പോയി. മുഖത്ത് വെളിച്ചം വീണതും എഴുന്നേറ്റ് ഓടിയതും ഒന്നിച്ചായിരുന്നു...

''അമ്മിണി''...



''ഇത് ഞാനാ... നീ വല്ലതും കഴിച്ചോ... നീ ഇവിടെ ഉണ്ടാകുമെന്നെനിക്കറിയാം. നിന്നെ പട്ടിണിക്കിട്ട് എനിക്കെന്ത് പെരുന്നാൾ അമ്മിണീ...''

ഉമ്മയായിരുന്നു. ഓടിവന്ന് ഉമ്മയുടെ ദേഹത്തു വാലുരുമ്മി നിന്നു.

''ദാ നീയിത് കഴിച്ചോ''

''നാളെ രാവിലത്തേക്കുള്ള കറി മരുമക്കൾ ഇന്നേ ഉണ്ടാക്കിവെച്ചിരിക്കുകയാ.....''

''ഉമ്മാ നിങ്ങളിതെവിടെക്കാ''

''ഹോ

ഒരു അമ്മിണിപ്പൂച്ച ..

അമ്മിണിപ്പൂച്ച...

അമ്മിണിപ്പൂച്ച...

ഇങ്ങോട്ടെങ്ങാനുമാ പീറപ്പൂച്ചയുമായി വന്നാലുണ്ടല്ലോ..''

## കുടുംബശ്രീ

ഇന്ത്യയിലെ ഏറ്റവും വലിയ വനിതാ ശാക്തീകരണ പദ്ധതിയാണ് കുടുംബശ്രീ. 1998-മെയ് 17-ന് മലപ്പുറം ജില്ലയിലാണ് കുടുംബശ്രീ പദ്ധതിക്ക് തുടക്കം കുറിച്ചത്.

അകത്തു നിന്നും ആക്രോശം കേട്ടു.

പക്ഷെ, വാതിൽക്കലവർ വടിയുമായി നിന്നത് കണ്ട് അമ്മിണിപ്പൂച്ച പേടിച്ചോടി....

ഉമ്മ എന്നെ വിളിച്ചു. പക്ഷെ, ഞാൻ തിരിഞ്ഞ് നോക്കീല...

"എന്തിനാ മക്കളെ അതൊരു പാവമല്ലെ.."

ആര് കേൾക്കാൻ..

ഉമ്മ വീട്ടിൽ കയറിയതും വാതിലെല്ലാം അടച്ച് എല്ലാവരും ഉറങ്ങാൻ പോയി.. ഉമ്മയും ഉമ്മയുടെ അമ്മിണിയും ആദ്യമായി ഇരുകൂരയിൽ മയങ്ങി.

പ്രഭാതം തക്ബീർ ധ്വനികളോടെ പെരുന്നാളിൻ പുണ്യവുമായി ഉണർന്നു....

ഉമ്മയും ബാപ്പയും നീലക്കണ്ണുള്ള കൊച്ചുമോളും പ്രഭാത നമസ്കാരത്തിനുണർന്നത് അമ്മിണി പൂച്ച കണ്ടു....

മറ്റാരും ഉണർന്നിട്ടില്ല. സുബ്ഹി കാണാത്ത അവരും പെരുന്നാൾ ആഘോഷിക്കുകയാണു പോലും....

എട്ടുമണിക്ക് പള്ളിയിലേക്ക് പോണം. ഓരോരുത്തർ എണീറ്റുവന്നത് ഏഴ് മണിക്ക് ശേഷം..

പലരും വാട്സ് ആപ്പിൽ ആശംസകൾക്ക് മറുപടി കൊടുക്കുന്ന തിരക്കിലാണ്..

പെണ്ണുങ്ങളാകട്ടെ പത്തിരി ഓർഡർ ചെയ്തത് എത്തിയതിനാൽ കറിയൊന്ന് ചൂടാക്കി പത്തിരിക്കൊപ്പം വിളമ്പുന്ന തിരക്കിലാണ്..

അവസാനത്തെ പാത്രത്തിൽ കറിവിളമ്പുമ്പോഴാണ് ഒനരു എലി ചത്ത് കിടക്കുന്നത് കണ്ടത്..

അമ്മിണി പുച്ചയെ തല്ലിയവളുടെ പാത്രത്തിൽ ചത്ത എലിയുള്ള കറി അവൾതന്നെ വിളമ്പിയതെന്നതും പെരുന്നാൾ ആഘോഷത്തിന്റെ 'മാറ്റ്' കൂട്ടി......

● നിഷാദ് തോട്ടുങ്ങൽ